**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- ശൂന്യവേതനാവധിയിലുള്ള പി.ജി പഠനത്തിനു ശേഷം നിയമനത്തിനായി ജോലിയിൽ നിന്നും വിട്ടുനിന്ന കാലയളവ് ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. ഇ.എ2- 555/2022/ആ.വ.ഡ തീയതി 27.08.2022
2. ഡോ. വീണ.വി.പി സമർപ്പിച്ച അപേക്ഷ

**ഉത്തരവ് നം. ഇ.എ2- 555/2022/ആ.വ.ഡ തീയതി 03.10.2022**

ശൂന്യവേതനാവധിയിലുള്ള പി.ജി പഠനത്തിനു ശേഷം 17.08.2022 ൽ ജോലിയിൽ പ്രവേശിക്കുന്നതിന് ഡോ. വീണ.വി.പി, അസിസ്റ്റന്റ് സർജൻ അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ ടി വകുപ്പിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ ഒഴിവുകളുടെ അഭാവം നിലനിന്നിരുന്നതിനാൽ നിശ്ചിത സമയത്തിനുള്ളിൽ നിയമന ഉത്തരവ് നൽകുവാൻ സാധിച്ചിരുന്നില്ല. തുടർന്ന് പരാമർശം(1) പ്രകാരം ഡോ. വീണ.വി.പി, അസിസ്റ്റന്റ് സർജന് കണ്ണൂർ പഴയങ്ങാടി താലൂക്ക് ആശുപത്രിയിൽ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസറായി നിയമനം നൽകുകയും 29.08.2022 ന് ടിയാൻ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു.

മേൽ സാഹചര്യത്തിൽ, ഡോ. വീണ.വി.പി, അസിസ്റ്റന്റ് സർജൻ ശൂന്യവേതനാവധിയിലുള്ള പി.ജി പഠനത്തിനു ശേഷം നിയമനത്തിനായി ജോലിയിൽ നിന്നും വിട്ടുനിന്ന, 17.8.2022 മുതൽ 29.08.2022 വരെയുള്ള കാലയളവ് കെ.എസ്.ആർ ഭാഗം ഒന്ന് ചട്ടം 12(7) ന് ചുവടെയുള്ള കുറിപ്പ് (4) പ്രകാരം ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

**ഒപ്പ്**
**ഡോ. പ്രീത.പി.പി**
**അഡീഷണൽ ഡയറക്ടർ (ടി.ബി)**
**ആരോഗ്യവകുപ്പ് ഡയറക്ടർ ഇൻ ചാർജ്ജ്**

സ്വീകർത്താവ്
ഡോ. വീണ.വി.പി, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ
താലൂക്ക് ആശുപത്രി പഴയങ്ങാടി, കണ്ണൂർ

പകർപ്പ്:
1. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), കണ്ണൂർ
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
3. സൂപ്രണ്ട്, താലൂക്ക് ആശുപത്രി പഴയങ്ങാടി, കണ്ണൂർ
4. ഫയൽ/ കരുതൽ ഫയൽ.

**//അംഗീകാരത്തോടെ//**

**സീനിയർ സൂപ്രണ്ട്**

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- പി.ജി പഠനത്തിനു ശേഷം നിയമനത്തിനായി ജോലിയിൽ നിന്നും വിട്ടുനിന്ന കാലയളവ് ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. സഉ(സാധാ) നം.982/2021/ആ.കു.വ തീയതി 30.04.2021
2. ഇ.എ2- 555/2020/ആ.വ.ഡ തീയതി 14.05.2021

**ഉത്തരവ് നം. ഇ.എ2- 555/2022/ആ.വ.ഡ തീയതി 03.10.2022**

പി.ജി പഠനത്തിനു ശേഷം 01.05.2021 തീയതിയിൽ ജോലിയിൽ പ്രവേശിക്കുന്നതിന് ഡോ. സുമയ്യ മുഹമ്മദ് കമറുദ്ദീൻ, അസിസ്റ്റന്റ് സർജൻ അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ കോവിഡ്- 19 പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി തത്സമയത്ത് പി.ജി പഠനത്തിൽ തുടരുന്ന ഡോക്ടർമാരുടെ പഠനകാലാവധി പരാമർശം (1) ലെ സർക്കാർ ഉത്തരവു പ്രകാരം ദീർഘിപ്പിച്ച് ഉത്തരവായിരുന്നു. ആയതിനാൽ പരാമർശം (2) പ്രകാരം ഡോ. സുമയ്യ മുഹമ്മദ് കമറുദ്ദീന്, മലപ്പുറം മഞ്ചേരി ജനറൽ ആശുപത്രിയിൽ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസറായി നിയമനം നൽകുകയും 19.05.2021 ന് ടിയാൻ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു.

മേൽ സാഹചര്യത്തിൽ, ഡോ. സുമയ്യ മുഹമ്മദ് കമറുദ്ദീൻ, അസിസ്റ്റന്റ് സർജൻ പി.ജി പഠനത്തിനു ശേഷം നിയമനത്തിനായി ജോലിയിൽ നിന്നും വിട്ടുനിന്ന, 01.05.2021 മുതൽ 18.05.2021 വരെയുള്ള കാലയളവ് കെ.എസ്.ആർ ഭാഗം ഒന്ന് ചട്ടം 12(7) ന് ചുവടെയുള്ള കുറിപ്പ് (4) പ്രകാരം ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

**ഒപ്പ്**
**ഡോ. പ്രീത.പി.പി**
**അഡീഷണൽ ഡയറക്ടർ (എഫ്.ഡബ്ല്യൂ)**
**ആരോഗ്യവകുപ്പ് ഡയറക്ടർ ഇൻ ചാർജ്ജ്**

സ്വീകർത്താവ്
ഡോ. സുമയ്യ മുഹമ്മദ് കമറുദ്ദീൻ, അസിസ്റ്റന്റ് സർജൻ
ജനറൽ ആശുപത്രി മഞ്ചേരി, മലപ്പുറം

പകർപ്പ്:
1. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), മലപ്പുറം
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
3. ഫയൽ/ കരുതൽ ഫയൽ.

**//അംഗീകാരത്തോടെ//**

**സീനിയർ സൂപ്രണ്ട്**